മി. സ്പീക്കർ: പ്രതിപക്ഷനേതാവാണ് അദ്ദേഹം. അദ്ദേഹം സംസാരിക്കാൻ എഴുന്നേറ്റാൽ സംസാരിക്കാൻ ഞാൻ അനുവദിക്കേണ്ടതാണ്. അതുകൊണ്ടാണ് വേറെ ആരെയും സംസാരിക്കാൻ അനുവദിക്കാതെ അദ്ദേഹത്തെ സംസാരിക്കാൻ അനുവദിച്ചത്. പ്രതിപക്ഷ നേതാവിനെ നമ്മൾ ബഹുമാനിക്കണം.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം.ഹസ്സൻ): സർ, മത്സ്യത്തൊഴിലാളികളുടെ പ്രശ്നം സംബന്ധിച്ച് അങ്ങ് ഇന്ന് ഭരണപക്ഷത്തെ ഒരംഗത്തിന് അനുവദിച്ച കാളിങ് അറ്റൻഷൻ വളരെ നേരത്തെ നോട്ടീസ് കൊടുത്തതാണ്. മത്സ്യത്തൊഴിലാളികളുടെ പ്രശ്നം ഇന്ന് അടിയന്തിരമായി ഉണ്ടായതല്ല. ഇന്ന് രാവിലെ ഉണ്ടായ സംഭവമല്ല അത്. ഈ പ്രശ്നം നേരത്തെ തന്നെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാതെ, ഇന്ന് നടക്കുന്ന തീരദേശ ബന്ദിനെ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി വിനിയോഗിക്കാനാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തുനിഞ്ഞത്. ഇത്തരം സമരങ്ങളെ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി ഉപയോഗിക്കുന്നതും അതിന് ഈ നിയമസഭാവേദി ഉപയോഗിക്കുന്നതും ദൗർഭാഗ്യകരമാണ്.

III. ശ്രദ്ധക്ഷണിക്കൽ

(1) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ

ശ്രീ. എൻ. രാജൻ: സർ, കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്ക് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും ഭൂവുടമ വിഹിതം കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഞാൻ ഇത് അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്തു ഏറ്റവും കൂടുതൽ അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമനിധി ബോർഡാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്. ഏതാണ്ട് 19 ലക്ഷത്തിലധികം അംഗങ്ങൾ ഇപ്പോൾ അതിൽ നിലവിലുണ്ട്. ഈ നിയമസഭ തന്നെ തൊഴിലാളികളുടെ അംശദായം രണ്ട് രൂപയിൽ നിന്ന് അഞ്ച് രൂപയാക്കി ഭേദഗതി ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ഒരു തരത്തിലുമുള്ള ആനുകൂല്യ വർദ്ധനയും ഇതുവരെ തൊഴിലാളികൾക്ക് ഏർപ്പെടുത്തിയിട്ടില്ല. ബോർഡിൽനിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിതരണത്തിലും ബോർഡിന്റെ പ്രവർത്തനത്തിലും അതിന്റെ നിലനിൽപ്പിലും തൊഴിലാളികൾ ആശങ്കാകുലരാണ്. 1,30,950 പേരാണ് ആനുകൂല്യം ലഭിക്കാതെ കാത്തിരിക്കുന്നത്. അറുപത് വയസ്സ് കഴിഞ്ഞവർ അതായത് അംഗങ്ങളല്ലാതായി തീർന്നവർക്കുള്ള ആനുകൂല്യം ലഭിക്കുന്നതിന് 86,521 അപേക്ഷകളുണ്ട്. അവർക്ക് 47,82,56,250 രൂപ കൊടുത്തുതീർക്കാനുണ്ട്. മരണാനന്തര സഹായമായി 10,44,000 രൂപയും കൊടുക്കാനുണ്ട്. വിവാഹ ധനസഹായത്തിന് 40,000 പേരോളം ഇപ്പോഴും കാത്തിരിക്കുകയാണ്. അവർക്ക് 8,09,06,000 രൂപ വിതരണം ചെയ്യേണ്ടതുണ്ട്. പ്രസവകാല ആനുകൂല്യം 13 ലക്ഷത്തിലധികം രൂപ കൊടുത്തു തീർക്കാനുണ്ട്. ചികിത്സാ സഹായം 16 ലക്ഷത്തിലധികം രൂപ കൊടുത്തുതീർക്കാനുണ്ട്. അങ്ങനെ ആകെ 56,31,38,250 രൂപ ഇപ്പോൾ ബോർഡിന്റെ അധിക ബാദ്ധ്യതയായി ഉണ്ട്. ഗവണ്മെന്റിന്റെ സഹായമില്ലാതെ ഈ ബോർഡിന്റെ പ്രവർത്തനം ഒരിഞ്ചുപോലും മുന്നോട്ട് കൊണ്ടുപോകാൻ കഴിയില്ലായെന്ന് അങ്ങേയ്ക്കു തന്നെ അറിയാം. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് 5 കോടി രൂപ ബഡ്ജറ്റ് വഴി ഇതിന് സഹായം കൊടുത്തതാണ്. ആ തുക കൊണ്ടാണ് കഴിഞ്ഞ രണ്ട് രണ്ടര വർഷക്കാലം ആനുകൂല്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വിതരണം നടത്തിയതുതന്നെ. ഈ ഗവണ്മെന്റ് നാല് ബഡ്ജറ്റ് സഭയിൽ അവതരിപ്പിച്ചു. 19 ലക്ഷത്തിലധികം തൊഴിലാളികൾ രജിസ്റ്റർ ചെയ്ത ഈ ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്കായി ഒരു രൂപ പോലും ഈ നാല് ബഡ്ജറ്റിലും മാറ്റി വച്ചിട്ടില്ല. അതുകൊണ്ട് കർശനമായും 56 കോടി രൂപ വിതരണം ചെയ്യാൻ നിലവിലുള്ളപ്പോൾ ഈ ഗവണ്മെന്റ് ബഡ്ജറ്റ് വഴി എന്തെങ്കിലും സഹായം ചെയ്യണം. അങ്ങ് ജില്ലാ കളക്ടർമാരുടെ പല കോൺഫറൻസുകളും വിളിച്ചുചേർക്കാറുണ്ട്. റവന്യൂ ഉദ്യോഗസ്ഥന്മാർ ഭൂവുടമാവിഹിതം പിരിച്ചെടുക്കുന്നതിൽ അനാസ്ഥ കാണിക്കുന്നു. സർക്കാരിന്റെ സഹായമില്ല. തൊഴിലാളികളുടെ അംശദായം രണ്ട് രൂപയിൽ നിന്ന് അഞ്ച് രൂപയാക്കി വർദ്ധിപ്പിച്ചു. ഇതൊക്കെയാണ് ഈ ബോർഡിന്റെ ഫണ്ടിന്റെ സ്ഥിതി. അതുകൊണ്ട് ഇതിന്റെ പ്രവർത്തനം ഒരടി പോലും മുന്നോട്ട് പോകുന്നില്ല. അതിന് എന്തെങ്കിലും സഹായം, ബഡ്ജറ്റ് വഴി 10 കോടി രൂപയെങ്കിലും കൊടുക്കണം. 10 കോടി രൂപ കൊടുത്താൽപോലും വർഷങ്ങൾ കഴിഞ്ഞേ അതിന്റെ പ്രവർത്തനം നേരെയാവുകയുള്ളൂ. 60 വയസ്സിന് പുറത്തുള്ളവർ അഞ്ചാറ് വർഷമായി അപേക്ഷ കൊടുത്ത് കാത്തിരിക്കുകയാണ്. അവരിൽ പലരും ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ എന്നുപോലും നമുക്ക് അറിയില്ല. അതുകൊണ്ട് ഏറ്റവും വലിയ ക്ഷേമനിധി ബോർഡായ ഈ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാരിന്റെ സഹായമുണ്ടാകണം. ഭൂവുടമാവിഹിതം കാര്യക്ഷമമായി പിരിച്ചെടുക്കണം. ഈ കാര്യങ്ങൾക്ക് ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് നടപടികൾ ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ബഹുമാനപ്പെട്ട ശ്രീ. രാജൻ ഇവിടെ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വളരെ ആധികാരികമായിട്ടാണ് പറഞ്ഞത്. നിയമസഭാംഗം ആകുന്നതുവരെ അദ്ദേഹം അതിന്റെ ചെയർമാനായിരുന്നു. അദ്ദേഹത്തിന് കാര്യങ്ങൾ അറിയാം. ഇതിൽ ഏറ്റവും പ്രധാനമായിട്ട് അതിവർഷ ആനുകൂല്യം മാത്രമാണ് ഏറ്റവും കൂടുതൽ കുടിശ്ശിക കൊടുക്കാനുള്ളത്. മറ്റുള്ള അപേക്ഷകളിലും ഒരു വർഷത്തിനകം തീരുമാനമെടുക്കും. അതിവർഷ ആനുകൂല്യം എന്താണെന്നു കൂടി പറഞ്ഞാലേ അത് മനസ്സിലാകൂ. ഈ ബോർഡിൽ ഒരു വർഷം അംഗമായിരുന്നു പിരിഞ്ഞാൽ അയ്യായിരും രൂപ മിനിമം കൊടുക്കും. കഴിഞ്ഞ ഏതാനും വർഷങ്ങളായി 55, 56, 57 വയസ്സുള്ള ലക്ഷക്കണക്കിന് ആളുകൾ ഇതിൽ അംഗങ്ങളായിട്ടുണ്ട്. ഒരു വർഷം ഒരു ലക്ഷം, രണ്ടു ലക്ഷം പേരാണ് അംഗങ്ങളായത്. രണ്ടു വർഷം മൂന്നു വർഷം കഷ്ടിച്ച് അഞ്ചു രൂപ വീതം മാസം അടച്ചാൽ അയ്യായിരം രൂപ കൊടുക്കും. അൻപത്തിയേഴ് കോടി ഇരുപത്തിയൊന്ന് ലക്ഷം രൂപ ഈ ഒരൊറ്റ ആനുകൂല്യം കൊടുക്കാൻ വേണ്ടിമാത്രം വേണം. അതൊഴിച്ച് ബാക്കിയെല്ലാം കൊടുക്കുന്നുണ്ട്. പക്ഷെ ഇത് കൊടുക്കാൻ ബുദ്ധിമുട്ടുണ്ട് എന്നുള്ളതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗത്തിനും അറിയാം. ഒരു വർഷം കൊണ്ട് പിരിഞ്ഞ് കിട്ടുന്ന തുക ഒരു കോടി രൂപയാണ്. ഭൂവുടമാവിഹിതം പിരിക്കുന്നതിനെക്കുറിച്ച് അങ്ങ് പറഞ്ഞു. ഭൂവുടമാ വിഹിതത്തെ സംബന്ധിച്ചിടത്തോളം, ഭൂവുടമകൾ കോടതിയിൽ ഒരു കേസ് കൊടുത്തു. കഴിഞ്ഞ രണ്ട്, മൂന്ന് വർഷം അതിന്റെ പിരിവ് നടന്നില്ല. കഴിഞ്ഞ വർഷം മുതൽ കോടതി ഇതിന് അനുകൂലമായി വിധിച്ചു. കഴിഞ്ഞ വർഷം എൺപത്തിയേഴ് ലക്ഷം രൂപ പിരിച്ചെടുത്തു. ഈ വർഷം ഇതിനകം ഒരു കോടി ഇരുപതു ലക്ഷം രൂപ പിരിച്ചിട്ടുണ്ട്. ഒന്നര കോടി രൂപ ഈ വർഷം പിരിക്കാം എന്നു വിശ്വസിക്കുന്നു. അങ്ങനെ വന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ കുറച്ചുകൂടി മെച്ചപ്പെടുത്താൻ കഴിയും. രണ്ട്, രണ്ടര കോടി രൂപയാണ് ഇതിൽ നിന്ന് വരുമാനം ഉള്ളത്. ഈ ഒരു ആനുകൂല്യം കൊടുക്കാൻ അൻപത്തിയേഴ് കോടി രൂപ വേണം എങ്ങനെ കൊടുക്കും? ഗവൺമെന്റ് അധികം പൈസ കൊടുത്തില്ല എന്നു പറയുന്നത് ശരിയല്ല. ഇത് കൂടാതെയാണ് പെൻഷൻ കൊടുക്കുന്നത്. കർഷക തൊഴിലാളിക്ക് പെൻഷൻ കൊടുക്കുന്നത് ക്ഷേമനിധിയിൽ നിന്നാണ്. കഴിഞ്ഞ വർഷം ബഡ്ജറ്റിൽ വകകൊള്ളിച്ച് മുപ്പത്തിയേഴ് കോടി രൂപ തന്നു. അത് കൂടാതെ പെൻഷൻ കൊടുക്കുന്നതിനു വേണ്ടി സർക്കാർ തന്നെ അഡീഷണൽ ഓതറൈസേഷൻ വഴി 20 കോടി രൂപ അധികമായി തന്നു. അങ്ങനെ അൻപത്തിയേഴ് കോടി രൂപ കഴിഞ്ഞ വർഷം പെൻഷൻ കൊടുക്കുന്നതിനായി ഗവൺമെന്റ് ചെലവഴിച്ചു. കുടിശ്ശിക കൊടുത്തു കൊണ്ടിരിക്കുകയാണ്. 150 കോടി രൂപ വച്ചിരിക്കുന്നതിന്റെ നല്ലൊരു വിഹിതം കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്നതിനുവേണ്ടിയിട്ടാണ്. അതിവർഷ ആനുകൂല്യം എന്നു പറയുന്നത് ഒഴിച്ച് ബാക്കിയുള്ള എല്ലാ ആനുകൂല്യങ്ങളും കൃത്യമായി കൊടുത്തുകൊണ്ടിരിക്കുകയാണ്. ചെറിയ തുകകൾ മാത്രമാണ് കൊടുക്കാനുള്ളത്. അത് കൊടുക്കാനുള്ള പൈസയും ഇവിടെയുണ്ട്. അതിവർഷ ആനുകൂല്യം കൊടുക്കുന്നതിനെ സംബന്ധിച്ച് ഇത്രയും വലിയൊരു പ്രശ്നം ഉയർത്തിക്കൊണ്ടു പറഞ്ഞാൽ അത് എന്തു ചെയ്യണമെന്നുള്ളത് ഗൗരവമായി ആലോചിക്കണം. ഈ ബോർഡിന്റെ പ്രവർത്തനങ്ങളിൽ അശാസ്ത്രീയമായി വന്ന ഒരു കാര്യമാണ്, അൻപത്തിയേഴാമത്തെ വയസ്സിലും അംഗമായി, മൂന്നു വർഷം ഇതിൽ അംഗമായിരുന്നാൽ അറുപത് ആകുമ്പോൾ അയ്യായിരം രൂപ മിനിമം കിട്ടും എന്നത് അൻപതാമത്തെ വയസ്സിലാണ് അംഗമാകുന്നതെങ്കിൽ .....

മി. സ്പീക്കർ: 180 രൂപ കൊടുത്താൽ അയ്യായിരം രൂപ കിട്ടും.

ശ്രീ. ബാബു ദിവാകരൻ: അൻപതാമത്തെ വയസ്സിലാണ് ഇതിൽ ചേരുന്നതെങ്കിൽ അതിന് ആനുപാതികമായി ഇതിൽ കൂടുതൽ തുക കൊടുക്കും. ഏറ്റവും മിനിമം അയ്യായിരം രൂപ കൊടുക്കണം. ഇത് ഒരിക്കലും ഈ ബോർഡിന് താങ്ങാനാകാത്തതാണ്.

മി. സ്പീക്കർ: ബോർഡിന്റെ തീരുമാനമാണോ?.

ശ്രീ. ബാബു ദിവാകരൻ: ബോർഡിന്റെ തീരുമാനമാണ്. കഴിഞ്ഞ കുറേ വർഷത്തെ കാര്യം ബഹുമാനപ്പെട്ട രാജന് അറിയാം. കഴിഞ്ഞ കുറേ വർഷമായി കാണുന്ന പ്രവണത അൻപത് വയസ്സിന് മേലുള്ള കർഷക തൊഴിലാളികളെയും ഇതിൽ അംഗങ്ങളാക്കുക എന്നുള്ളതാണ്. പത്തൊൻപത് ലക്ഷം കർഷകത്തൊഴിലാളികൾ ഇതിൽ അംഗങ്ങളായിരിക്കുന്നതാണ്. എട്ടു ലക്ഷം ആയിരുന്നത് കഴിഞ്ഞ മൂന്നു, നാല് വർഷങ്ങൾ കൊണ്ടാണ് പത്തൊൻപത് ലക്ഷമായി വർദ്ധിച്ചത്. ഈ ഒരു ആനുകൂല്യമാണ് ബോർഡിന് പ്രധാനമായും തടസ്സമായി നിൽക്കുന്നത്. ഇതിനെക്കുറിച്ച് ബോർഡുമായിട്ട് വളരെ വിശദമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. കർഷക തൊഴിലാളികളുമായിട്ട് ചർച്ചകൾ നടത്തി. അഞ്ചു രൂപയായി അംശദായം വർദ്ധിപ്പിച്ചു. ഇതിന്റെ പിരിവ് നടക്കുന്നുണ്ട്. അതുപോലെ തന്നെ ഭൂവുടമകളിൽ നിന്നുള്ള വിഹിതം ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതൊക്കെയാണെങ്കിലും അഞ്ചു കോടി രൂപയുടെ ആശ്വാസം എങ്ങനെ കൊടുക്കാൻ കഴിയും എന്നുള്ളതിനെക്കുറിച്ച് ഇനിയും ചർച്ച ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാജൻ: ബഹുമാനപ്പെട്ട ചെയർ pilot ചെയ്ത ഒരു ബില്ലിൽ നിന്നുണ്ടായ നിയമമാണ് കർഷകത്തൊഴിലാളി നിയമം. അറുപത് വയസ്സു വരെയാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകാൻ കഴിയുന്നത്. മുപ്പത്തിയേഴ് കോടി രൂപയിൽ ഇരുപത്തേഴ് കോടി രൂപ അഡീഷണൽ ഓതറൈസേഷൻ കൊടുത്തു എന്നുപറഞ്ഞു.

മി. സ്പീക്കർ: You can ask a question. ഒരു ചോദ്യം ചോദിക്കുക. പ്രസംഗമല്ല.

ശ്രീ. എൻ. രാജൻ: അറുപത് വയസ്സുവരെ അംഗത്വമുള്ള അംഗങ്ങൾക്കുള്ളതാണ് കൊടുത്തത്. അത് പെൻഷന് വേണ്ടിയുള്ളതാണ്. അതും ഇതുമായിട്ട് യാതൊരു ബന്ധവുമില്ല. അതുകൊണ്ട് ഈ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, 2.56 കോടി രൂപ വിതരണം ചെയ്യുന്നതിനും ഈ ഗവൺമെന്റ് തയ്യാറാകണം. ബഡ്ജറ്റ് വഴി പത്ത് കോടി രൂപയെങ്കിലും ഗ്രാന്റായി നൽകണം.

മി. സ്പീക്കർ: Practical അല്ലാത്ത ഒരു ഡിസിഷനെടുത്താൽ അത് എങ്ങനെ impliment ചെയ്യാൻ കഴിയും? ഉത്തരവാദിത്വത്തോടുകൂടി വേണ്ടേ ഡിസിഷൻ എടുക്കാൻ?

ശ്രീ. എൻ. രാജൻ: ബഡ്ജറ്റു വഴി ഈ ഗവൺമെന്റ് അൻപത്തിയാറ് കോടി രൂപ കൊടുത്തു തീർക്കുന്നതിൽ പത്തു കോടി രൂപയെങ്കിലും ഗ്രാന്റായി അനുവദിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. ബാബു ദിവാകരൻ: ബഹുമാനപ്പെട്ട അംഗം ചോദിച്ച കാര്യം ശരിയാണ്. സർക്കാരിന് ഈ ബോർഡിലേക്ക് പ്രത്യേകമായ ഒരു ഫണ്ട് വിഹിതം ഇല്ല. ഗവൺമെന്റ് കോൺട്രിബ്യൂഷൻ കാലാകാലങ്ങളിൽ ഉള്ളതാണ്. കഴിഞ്ഞ കുറേ കാലങ്ങളായി ഒരു വർഷം അഞ്ചു കോടി രൂപ തന്നു. ഈ വർഷം ഗവൺമെന്റ് കോൺട്രിബ്യൂഷൻ ഇനത്തിൽ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട അംഗം ഇവിടെ ഉത്കണ്ഠ പ്രകടിപ്പിച്ച പ്രശ്നത്തിലേക്ക് മാർച്ച് മാസത്തിനുമുൻപായി കർഷകത്തൊഴിലാളി പെൻഷന്റേയും തൊഴിലില്ലായ്മാ വേതനത്തിന്റെയും രണ്ടുഗഡു വീതം കൃത്യമായിട്ട് എല്ലാവർക്കും എത്തിച്ചുകൊടുക്കുന്നതായിരിക്കും.

(2) മൽസ്യത്തൊഴിലാളികൾ നേരിടുന്ന ദുരിതങ്ങൾ

ശ്രീ. ടി. എൻ. പ്രതാപൻ: ആഴക്കടൽ മൽസ്യ ബന്ധനത്തിന് വിദേശ കമ്പനികൾക്ക് വീണ്ടും ലൈസൻസ് നൽകാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിനെതിരെ ഇന്ന് കേരളത്തിലെ തീരപ്രദേശത്തെ മൽസ്യത്തൊഴിലാളികൾ ഹർത്താൽ ആചരിക്കുകയാണ്. മൽസ്യത്തൊഴിലാളികൾ ഇന്ന് പണിമുടക്കിയും, തീരദേശത്തെ കടകൾ അടച്ചും, വാഹന ഗതാഗതം നിർത്തിവച്ചും, മൽസ്യ സംസ്ക്കരണശാലകളുടെയും ഹൈവേയിൽ ഉൾപ്പടെയുള്ള മൽസ്യ മാർക്കറ്റുകളുടെയും, ശാലകളുടെയും പ്രവർത്തനം നിർത്തി വച്ചുമാണ് സഹന സമരത്തിന് തയ്യാറായിട്ടുള്ളത്. 590 കിലോമീറ്റർ ദൈർഘ്യമുള്ള കടലോരത്തെ പത്തു ലക്ഷത്തോളം വരുന്ന മൽസ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവിതത്തെ വളരെയധികം ഗുരുതരമായി ബാധിക്കുന്ന ഒന്നാണ് മുപ്പത് പുതിയ ട്രോളറുകൾക്ക് മൽസ്യബന്ധനത്തിന് ലൈസൻസ് നൽകിക്കൊണ്ടുള്ള കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly